**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **23-02-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക ഉപഭോക്താക്കാൾക്കായി കെ.എസ്.ഇ.ബി. നടപ്പിലാക്കി വരുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | സൗര സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ളതാണ്. കൂടുതൽ ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കാനായി നിലവിലുള്ള 3 എംപാനൽ ചെയ്ത ഡെവലപ്പർമാരെ കൂടാതെ 37 ഡെവലപ്പർമാരെക്കൂടി പദ്ധതിയുടെ ഭാഗമായി പുതുതായി എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായി ഏകജാലക സംവിധാനമായ ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ, ട്രാക്കിംഗ് സംവിധാനത്തോടെ വികസിപ്പിച്ച് പൊതുജന ങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് സൗരപദ്ധതിയെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാനും രജിസ്ട്രേഷനു വേണ്ട സഹായങ്ങൾ നൽകാനുമായി ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സൗരഫേസ് – II സബ്സിഡി സ്കീമിൽ 5.928 MW-ന്റെ സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്കായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചുവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 3,173 പേരിൽ നിന്ന് 12.2 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞു. ഒരു മെഗാവാട്ടോളം ശേഷിയുള്ള നിലയങ്ങളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിലേക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; | (ബി) | കോഴിക്കോട് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ഈ പദ്ധതിയിലേക്കായി 3753 അപേക്ഷകളും അനെർട്ട് മുഖേന 126 പേരിൽ നിന്ന് 482 കിലോ വാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളും ലഭ്യമായിട്ടുണ്ട്. |
| (സി) | എത്രയിടങ്ങളിൽ ഇതിനോടകം പദ്ധതി | (സി) | കോഴിക്കോട് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. |

| | | | |
|---|---|---|---|
| | പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | മുഖേന സൗര സബ്സിഡി പദ്ധതിയിൽ 78 സൗരനിലയങ്ങളുടെയും അനെർട്ട് മുഖേന 10 സൗരോർജ്ജ പ്ലാന്റുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ